# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കോട്ടായി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.15/1173/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി- 15-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടായി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കോട്ടായി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.15/1173/17 തിയ്യതി-15-07-2017

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 14.10.16മുതൽ 31.05.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017മുതൽ 07.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.അരവിന്ദാക്ഷൻ.കെ.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ.കെ.പി | സീനി. ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.അനില.സി.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രീത.പി | 01.04.16മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.ഹരിദാസൻ.കെ | 01.04.16മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാധാകൃഷ്ണൻ.കെ | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ലീമോഹൻ | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.റജ്ജല എം | 01.04.16മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീനിവാസൻ വി | 01.04.16മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജാനറ്റ് ഡാനിയൽ | 01.04.16മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഷെരീഫ്.ജെ | 01.04.16മുതൽ 31.03.17 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ലക്ഷമി എം | 01.04.16മുതൽ 31.07.16 വരെ |
| | ശ്രീമതി.ജയലക്ഷ്മി ആർ | 01.08.16മുതൽ 18.11.16വരെ |

| | | |
|---|---|---|
| | ശ്രീമതി.സിന്ദ എം ടി | 19.11.16മുതൽ 31.03.17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ലൈല പി എച്ച് | 01.04.16മുതൽ 19.06.16 വരെ |
| | ശ്രീ ബാബു | 20.06.16 മുതൽ 23.09.16 വരെ |
| | ശ്രീമതി ഗീത | 24.09.16 മുതൽ 13.11.16 വരെ |
| | ശ്രീമതി രമണി വി എസ് | 14.11.16മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ജ്യഷി എസ് | 01.04.16മുതൽ 31.10.16 വരെ |
| | ശ്രീ അജയൻ എസ് | 01.11.16മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷിബുകുമാർ എസ് | 01.04.16മുതൽ 16.06.17 വരെ |
| | ശ്രീമതി മാലിനി കെ കെ (I/C) | 17.06.16 മുതൽ 22.06.16വരെ |
| | ശ്രീ.ഷാജി ജെ | 23.06.16 മുതൽ 21.12.16വരെ |
| | ശ്രീമതി മാലിനി കെ കെ (I/C) | 22.12.16 മുതൽ 03.01.17 വരെ |
| | ശ്രീ.പ്രസന്നകുമാർ വി | 04.01.17മുതൽ 31.03.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 1/04-03-2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 26.5.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 2622447

വരവ് : 47533891

ആകെ : 50156338

ചെലവ് : 43529875

നീക്കിബാക്കി : 6626463

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7028028 | 7028028 | 7028028 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 7504565 | 7504565 | 7504565 |
| വികസനഫണ്ട് | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| (ടി.എസ്.പി) | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2557551 | 2557551 | 2557551 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1341225 | 1341225 | 1341225 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 2553325 | 2553325 | 2553325 |
| ലോക ബാങ്ക് സഹായം | 0 | 1794099 | 1794099 | 1794099 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പൂർണ്ണമായി നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|---|
| 175 | 60 | 44 | 71 | 34.29 | 61707488 | 25650593 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 14 | 2499002 | 1304478 | 52 |
| അസി. സെക്രട്ടറി | 18 | 13 | 7734610 | 3998432 | 52 |
| അസി. എഞ്ചിനീയർ | 100 | 49 | 28297157 | 7224426 | 26 |
| കൃഷി ഓഫീസർ | 3 | 3 | 3858250 | 3319771 | 86 |
| വെറ്ററിനറി സർജൻ | 5 | 5 | 4735000 | 812500 | 17 |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | 2 | 2 | 425000 | 399374 | 94 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | 3 | 2 | 410000 | 310000 | 76 |
| വി.ഇ.ഒ | 7 | 4 | 6001401 | 3731300 | 62 |
| ഐ.സി. ഡി.എസ് | 6 | 3 | 5360229 | 2354258 | 44 |
| ഹെഡ് മാസ്റ്റർ<br>ജി.എൽ. പി.എസ് | 10 | 8 | 1836839 | 1646054 | 90 |
| ഡയറിഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 550000 | 550000 | 100 |
| | 175 | 104 | 61707488 | 25650593 | 41.56 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2305153 | 3630280 | 1325127 | 57.5(+) |
| നികുതിയേതര വരവുകൾ | 7471104 | 8374777 | 903673 | 12(+) |
| ആകെ | 9776257 | 12005057 | 2228800 | 22.8(+) |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 12 | 10 | 02 | - |
| 2 | തൊഴിൽ രഹിത വേതനം | 64 | 33 | 31 | - |
| 3 | വിധവാ പെൻഷൻ | 47 | 37 | 04 | വരുമാന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 6 |

| | | | | | |
|---|---|---|---|---|---|
| | | | | | എണ്ണം മാറ്റിവെച്ചു. |
| 4 | വികലാംഗ പെൻഷൻ | 28 | 8 | 3 | വർഷാവസാനം ലഭിച്ച 17അപേക്ഷകൾ 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവെച്ചു. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 1 | 0 | വർഷാവസാനം ലഭിച്ച 7അപേക്ഷകൾ 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവെച്ചു. |
| 6 | വാർദ്ധക്യ കാല പെൻഷൻ | 510 | 163 | 247 | വർഷാവസാനം ലഭിച്ച100 അപേക്ഷകൾ 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവെച്ചു. |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.6.2017, 3pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2465 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 23.12.2016 | 1.11.2016 മുതൽ 30.11.2016 വരെ | 22.3.2017 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.9.2006 | 1997-98 മുതൽ 2005-06 വരെ | 1.1.2006 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I.കേരളാ പഞ്ചായത്ത് രാജ് സെക്ഷൻ 204(I),(II), എ(I) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസമോ, അതിൽ കൂടുതലോ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാവുന്നതാണ്. എന്നാൽ താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.ഷാജഹാൻ.എച്ച്<br>ഡ്രൈവർ, പഞ്ചായത്ത് ഓഫീസ് | 2016-17 രണ്ടാം അർദ്ധ വർഷം |
| 2 | ശ്രീ.പി.എം.വേലായുധൻ<br>പമ്പ് ഓപ്പറേറ്റർ | 2016-17,രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | ശ്രീ.രജനീഷ്.കെ.എസ്<br>പമ്പ് ഓപ്പറേറ്റർ | 2016-17,രണ്ട് അർദ്ധ വർഷങ്ങൾ |
| 4 | ശ്രീ.കുഞ്ഞൻ<br>പമ്പ് ഓപ്പറേറ്റർ | 2016-17,രണ്ട് അർദ്ധ വർഷങ്ങൾ |
| 5 | ശ്രീമതി.സ്മിതബേബി<br>അറ്റൻ്റർ, ഗവ.ആയുർവേദ ഹോസ്പിറ്റൽ | 2016-17,രണ്ട് അർദ്ധ വർഷങ്ങൾ |
| 6 | നബീസ.കെ<br>നഴ്സിംഗ് അസിസ്റ്റൻ്റ്<br>പ്രാഥമികാരോഗ്യകേന്ദ്രം | 2016-17,രണ്ടാം അർദ്ധ വർഷം |

മേൽ പറഞ്ഞ വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

II.താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| | |
|---|---|
| മുത്തൂറ്റ് ഫിൻകോർപ്പ് | 2016-17 രണ്ട് അർദ്ധവർഷങ്ങൾ |
| ഇസാഫ് സ്വാശ്രയ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് ക്രെഡിറ്റ് സൊസൈറ്റി | 2016-17 രണ്ടാം അർദ്ധവർഷം |
| സൂര്യാ ബാങ്കേഴ്സ് | 2016-17 രണ്ട് അർദ്ധവർഷങ്ങൾ |

സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

II.താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | വർഷം |
|---|---|---|
| 1 | നിഖിത പ്ലാൻ സിറ്റി | 2016-17 രണ്ട് അർദ്ധവർഷങ്ങൾ |
| 2 | ശ്രീ.ചിമ്പ ശിവക്ഷേത്രം | 2016-17 രണ്ട് അർദ്ധവർഷങ്ങൾ |
| 3 | ചമ്പ്രകുളം അയ്യപ്പൻ കാവ് | 2016-17 രണ്ട് അർദ്ധവർഷങ്ങൾ |
| 4 | പനയൂർ കാവ് | 2016-17 രണ്ട് അർദ്ധവർഷങ്ങൾ |

1996 ലെ കേ.പ.രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യാപാര സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

III.തൊഴിൽ നികുതി റിട്ടേണുകളിലെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിൽ

## മുതൽ കൂട്ടേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31.3.2017 ന് 10,96,222 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നുണ്ട്. ഇതിൽ 2015-16 ലെ ഡെപ്പോസിറ്റ് തുകകളിൽ 46869 രൂപയും 2015-16 ലെ ഡെപ്പോസിറ്റ് തുകകളിൽ 66059 രൂപയും നീക്കിയിരിപ്പുണ്ട്. അവശേഷിക്കുന്ന 983294 രൂപ ഏതെല്ലാം വർഷങ്ങളിലെ നീക്കിയിരിപ്പു തുകയാണെന്ന് വ്യക്തമാക്കുന്ന രജിസ്റ്ററുകളോ മറ്റു രേഖകളോ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ പരിശോധനാവിധേയമാക്കി മൂന്നു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ഡി&ഒ ലൈസൻസ് ലഭ്യമാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

a) ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് അനുവദിക്കാവുന്നതല്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റ് അന്വേഷണം നം.2/02.06.2017-ന് മറുപടിയായി സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

I.ബ്രദേഴ്സ് സോമിൽ എന്ന സ്ഥാപനം നടത്തുന്നതിനുള്ള എം.വി.കൃഷ്ണൻ, മേലേവീട്, മുന്നുരുത്തിക്കാട്, കോട്ടായി എന്നയാളുടെ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ (അപേക്ഷ നം.53)ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നുമുള്ള ലൈസൻസിന്റെ കാലാവധി കഴിഞ്ഞതാണ്, അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ(12/97) ഉപയോഗക്രമം പാർപ്പിടാവശ്യത്തിനുള്ളതാണ്, എന്നീ കാരണങ്ങളാൽ ലൈസൻസ് അനുവദിക്കാവുന്നതല്ല എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

II. കോട്ടായി മെഡിക്കൽസ് എന്ന സ്ഥാപനം നടത്തുന്നതിനുള്ള രാമചന്ദ്രൻ, എന്നയാളുടെ ഡി&ഒ ലൈസൻസിനുള്ള അപേക്ഷ (അപേക്ഷ നം.134)യിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ (10/43) ഉപയോഗക്രമം പാർപ്പിടാവശ്യത്തിനുള്ളതാണ്, സമർപ്പിച്ച വാടകക്കരാർ കുഞ്ഞു മരക്കാറിന്റെ പേരിലും കെടിടം സായിറ ബാനു എന്നയാളുടെ പേരിലുമാണ് , എന്നീ കാരണങ്ങളാൽ ലൈസൻസ് അനുവദിക്കാവുന്നതല്ല എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

III.പവിത്ര ഫാൻസി എന്ന സ്ഥാപനം നടത്തുന്നതിനുള്ള രാധ എന്നയാളുടെ അപേക്ഷ(അപേക്ഷ നം.147)യിൽ കെട്ടിടനമ്പർ രേഖപ്പെടുത്തിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ നിരസിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്

എന്നാൽ ഇപ്രകാരം ഡി&ഓ ലൈസൻസ് ലഭ്യമാക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കു മേൽ യാതൊരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടില്ല.

b) പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കെട്ടിടങ്ങൾ ഉപയോഗക്രമം അനുസരിച്ച് തരം തിരിക്കേണ്ടതും അതനുസരിച്ചുള്ള നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

ഉദാ-

| ക്രമ നം | വാർഡ് നം/കെട്ടിട നം | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം | നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 5/393 | പാർപ്പിടാവശ്യം | പലചരക്ക് കട |
| 2 | 10/43 | പാർപ്പിടാവശ്യം | കോട്ടായി മെഡിക്കൽസ് |
| 3 | 2/450 | പാർപ്പിടാവശ്യം | മംഗലശ്ശേരി കാറ്ററിംഗ് സർവ്വീസ് |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ഭരണസമിതി ടെന്റർ അംഗീകരിക്കേണ്ടതും ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണ്ടതുമാണ്. ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതും നോട്ടീസ് അയച്ച തിയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% (മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികൾക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

എ.പ്രവൃത്തിയുടെ പേര് : പനംക്കുടം അങ്കണവാടി കെട്ടിടം

പ്രൊജക്റ്റ് നം :165/16, 21/17

അടങ്കൽ :800000

കരാർ തുക :799920

ചെലവ് :799920

ബിൽ നം :7/16-17/30.01.2017

കരാറുകാരൻ :പ്രകാശൻ.വി

സെലക്ഷൻ നോട്ടീസ്

നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി :29.01.2016 ലെ തീരുമാനം.111(1)

എഗ്രിമെന്റ് വെക്കേണ്ട തീയതി: 19.02.2016

എഗ്രിമെന്റ് വെച്ച തീയതി : 04.03.2016

ഈടാക്കേണ്ട പിഴ : 8000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി :8000രൂപ

ബി.പ്രവൃത്തിയുടെ പേര് : കുന്നംപറമ്പ് കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം : 215/16, 29/17

അടങ്കൽ : 50000

കരാർ തുക : 43016

ചെലവ് :43016

ബിൽ നം :71/15-16/31.3.2016

കരാറുകാരൻ :ശിവദാസ്.സി

സെലക്ഷൻ നോട്ടീസ്

നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി :27.02 .2016 ലെ തീരുമാനം.11

എഗ്രിമെന്റ് വെക്കേണ്ട തീയതി:19.3.2016

എഗ്രിമെന്റ് വെച്ച തീയതി : 20.5.2016

ഈടാക്കേണ്ട പിഴ : 1000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1000രൂപ

ഈടാക്കാൻ ബാക്കിയുള്ള പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ പഴയ മോട്ടോർ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണിയുടെ ഭാഗമായി 7.5 HP മോട്ടോർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ 5HP മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് :കോഴിയോട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം

പ്രൊജക്റ്റ് നം : 14/17

അടങ്കൽ : 156000

ചെലവ് : 156000

ബിൽ നം : 5/16-17/30.1.2017

കരാറുകാരൻ : കെ.കൃഷ്ണദാസ്

എം.ബുക്ക് നം. : 4/14-15

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.3/3.6.2017) പഴയ മോട്ടോർ തിരികെ ലഭ്യമാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മോട്ടോർ ലഭ്യമാക്കി അറ്റകുറ്റപ്പണി നടത്തി മറ്റു കുടിവെള്ള പദ്ധതികൾക്കു വേണ്ടി പ്രയോജനപ്പെടുത്തുകയോ അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തപക്ഷം അധികാരപ്പെട്ട സ്ഥാനങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി മോട്ടോർ ലേലം ചെയ്യേണ്ടതും തുക പഞ്ചായത്തുഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

## 3-3 മരാമത്തു ഫയലുകളിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ വിവിധ മരാമത്തു പ്രവൃത്തികളുടെ ഫയലുകളിൽ താഴെ പറയുന്ന അപാകതകൾ പൊതുവായി കണ്ടെത്തിയിട്ടുണ്ട്.

1.കരാറുകാരിൽ നിന്നും ലഭ്യമാക്കിയ ടെണ്ടർ ഫോറത്തിൽ സ്ഥാപനത്തിന്റെ പേര്, ടെന്ററുടെ മേൽവിലാസം, എന്നിവ രേഖപ്പെടുത്തുന്നില്ല.

(ഉദാ: ഒടുങ്ങോട്ടുപറമ്പ് റോഡ് കോൺക്രീറ്റിങ്, പകരാവൂർ അമ്പലം റോഡ് കോൺക്രീറ്റിങ് മുതലായവ)

2.കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരനു നൽകുന്ന സെലക്ഷൻ നോട്ടീസിൽ ഭരണസമിതി തീരുമാനം, നോട്ടീസ് അയയ്ക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.
3.കരാറുകാരനിൽ നിന്നും നികുതികൾ കോമ്പൌണ്ട് ചെയ്തു നിരക്കിൽ ഈടാക്കുമ്പോൾ നികുതികൾ കോമ്പൌണ്ട് ചെയ്തുകൊണ്ടുള്ള ഫോറം 4D സർട്ടിഫിക്കറ്റ് വാങ്ങി ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല.

മേൽ അപാകങ്ങൾ പൊതുവായി ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മരാമത്തു പ്രവൃത്തികൾ ഇ- ടെന്റർ ചെയ്യുമ്പോൾ ടെന്റർ ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല

5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്തു പ്രവൃത്തികൾക്ക് ഇ-ടെന്റർ വഴിയാണ് സ്വീകരിക്കുന്നത്. എന്നാൽ ടെന്റർ ഫോറം വില,വാറ്റ് എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഓരോ സാമ്പത്തിക വർഷവും നിരവധി പ്രവൃത്തികൾ ഇപ്രകാരം ഇ-ടെന്റർ ചെയ്യപ്പെടുമ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ട ടെന്റർ ഫോറം വില ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നത് മൂലം പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നു. 2016-17 വർഷത്തിൽ ഈയിനത്തിൽ ലഭിക്കുവാനുള്ള തുക കണക്കാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വരുത്തേണ്ടതാണ്.

## 3-5 മരാമത്ത് പ്രവർത്തികൾക്ക് ടാർ വാങ്ങിയത് -ബില്ലിൽ അധികരിച്ച തുക വൗച്ചർ പ്രകാരം ചെലവഴിച്ചത് -തുക തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനിൽ നിന്നും ടാർ വാങ്ങിയതിന് താഴെ പറയുന്ന പ്രകാരം ബില്ലിൽ അധികരിച്ച് വൌച്ചർ മുഖാന്തിരം തുക ചെലവഴിച്ചിരിക്കുന്നു .

| ക്രമ നം | വൗച്ചർ നം/തീ. | തുക | ബിൽ പ്രകാരമുള്ള തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 21601118/14.3.17 | 1606808 | 1) 001749/4.4.17 -552089<br>2)001960/11.4.17 -336774<br>3)001959/11.4.17 -336774<br>4)006674/15.4.17 -336774<br>ആകെ- 1562411 | 44397 |
| 2 | 21601274/29.3.17 | 583215 | 1)0342478/21.4.17 -43031<br>2)0342147/7.4.17 -117575<br>3)0342012/3.4.17 | 1063 |

| | | | | |
|---|---|---|---|---|
| | | | -421546<br>ആകെ- 582152 | |
| 3 | ആകെ | 2190023 | 2144563 | 45460 |

ബില്ലിൽ അധികരിച്ച് ടാർ വാങ്ങിയതിന് തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/05.06.17 സ്റ്റ് ടാറിന്റെ വിപണി വിലയിൽ വന്ന വ്യതിയാനം മൂലമാണ് അധിക തുക നൽകാനിടയായതെന്നും ആയത് തിരികെ ലഭിക്കുന്നതിന് എ2-5861/2016 തീ.03.05.17 പ്രകാരം HPCL ന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട് .

## 3-6 ക്ഷീരസംഘങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി തുക തിരികെ ലഭ്യമാക്കിയിട്ടില്ല

കോട്ടായി ഗ്രാമ പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങൾക്ക് പാൽ നൽകുന്ന ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനുവേണ്ടിയുള്ള പ്രൊജക്റ്റ പ്രകാരം പദ്ധതി തുക 442305/- രൂപ ഡയറി ഫാം ഇൻസ്ട്രക്റ്റർക്ക് നൽകിയിയിട്ടുണ്ട്.ഈ തുക വിവിധ ക്ഷീരസംഘങ്ങൾക്കു നൽകിയിട്ടുണ്ടെങ്കിലും 389584/- രൂപ മാത്രമാണ് ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ളതെന്നും 52721/- രൂപ വിതരണം ചെയ്തിട്ടില്ലെന്നും വിതരണ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ നിന്നും ബോധ്യമായി. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് :ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

പ്രൊജക്റ്റ് നം : 142/17

അടങ്കൽ : 550000 (ബ്ളോക്ക് പഞ്ചായത്ത്-200000, ഗ്രാമ പഞ്ചായത്ത് - 350000)

ചെലവ് : 442305 (ബ്ളോക്ക് പഞ്ചായത്ത്-200000, ഗ്രാമ പഞ്ചായത്ത് -242305)

ചെക്ക് നം. : 2623763/28.3.2017- 100000 രൂ

2623264/28.3.2017- 100000 രൂ

ബിൽ നം : 1/2017/29.3.2017 - 242305 രൂ

ക്ഷീരസംഘങ്ങൾക്കു നൽകിയതും വിതരണം ചെയ്തതുമായ തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷീരസംഘങ്ങളുടെ പേര് | ലഭിച്ച തുക | വിതരണം ചെയ്ത തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ചെറുകുളം ക്ഷീരസംഘം | 199866 | 148247 | 51619 |
| 2 | കോട്ടായി ക്ഷീര വ്യവസായ സംഘം | 185101 | 185101 | 0 |
| 3 | കണ്ണച്ചിപ്പറമ്പ് ക്ഷീരസംഘം | 57338 | 56236 | 1102 |
| | ആകെ | 442305 | 389584 | 52721 |

01.06.2017 തീയതിയിലും വിതരണം ചെയ്യാതെ വിവിധ സംഘങ്ങളുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതു വരെ 52721/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഓഡിറ്റ് ഇംപാക്ട് അനുവദനീയമായതിനേക്കാൾ അധികം നൽകിയ തുക തിരികെ ഈടാക്കി.

പ്രൊജക്ട് നം. :8/16-17

പ്രൊജക്ട് : രജിസ്റ്റേഡ് ക്ലബുകൾക്ക് കായികോപകരണങ്ങൾ വാങ്ങൽ

അടങ്കൽ :50000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് :49739 (3/16-17/20.02.17)

ഹെഡ് മിസ്റ്റസ് (ജി.എൽ.പി.എസ് - വറോഡ്) നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് (സ്പിൽ ഓവർ) പ്രകാരം കായികോപകരണങ്ങൾ വാങ്ങുന്നതിനായി 11.02.16-ലെ പത്രപ്പരസ്യം മുഖേന 04.03.16-ന് നടത്തിയ ടെണ്ടർ 09.09.16-ൽ നടന്ന പഞ്ചായത്ത് യോഗത്തിലെ തീരുമാനം 3 ആയി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിനായി ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക ക്വോട്ട് ചെയ്ത രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരിയുടെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു. അംഗീകരിച്ച നിരക്ക് ഫുട്ബോൾ- 348/-രൂ, വോളീബോൾ-440/-രൂ, വോളീബോൾ നെറ്റ്-390/-രൂ ആകെ 1178/-രൂപയാണ്. എന്നാൽ രാജധാനി ഏജൻസീസിന്റെ ഇൻവോയ്സ് നം 487/23.11.16 പ്രകാരം വോളീബോൾ നെറ്റിനു നൽകിയിരിക്കുന്നത് 5% ശതമാനം നികുതിയടക്കം 685/-രൂപയാണ് (652.38 +32.62 {5% നികുതി}). വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | ടെണ്ടറിൽ അംഗീകരിച്ച നിരക്ക് | ഇൻവോയ്സ് പ്രകാരം നിരക്ക് | എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|
| വോളീബോൾ നെറ്റ് | 390 | 685 | 11 | 7535-4290 =3245 |

അധികം നൽകിയ 3245/-രൂ, 8/06.06.17 നമ്പർ ഓഡിറ്റ് അന്വേഷണത്തിലൂടെ തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടത് അനുസരിച്ച് രശീതി നം. 11717101366/07.06.2017 പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

## 3-8 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ- മുഴുവൻ ലാപ്ടോപ്പുകളും വിതരണം ചെയ്തിട്ടില്ല

പ്രൊജക്ട് :114/16-17

പ്രൊജക്ട് :പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ

അടങ്കൽ :700000 (വികസനഫണ്ട് എസ് സി പി)

ചെലവ് :689770 (ബിൽ നം. 25/31.03.17)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിനായി 23 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ടെണ്ടർ മുഖേന ചിപ് സെറ്റ് കമ്പ്യൂട്ടേഴ്സ്, പാലക്കാട്ടിൽ നിന്നും 29900രു നിരക്കിൽ ഇൻവോയ്സ് നം. PKD00110/26.03.2017 പ്രകാരം 23ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്. എന്നാൽ 21 ലാപ് ടോപ്പ് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രുതി. ദീപ കെ എന്നീ ഗുണഭോക്താക്കൾ ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/06.06.2017-ന് കോളേജിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാകാത്തതിനാലാണ് രണ്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തതെന്നും ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാറണ്ടി നഷ്ടപ്പെടുന്നതിനുമുമ്പ് തന്നെ അർഹരായ ഗുണഭോക്തക്കാളെ കണ്ടെത്തി ഇവ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ- ആയുർവേദം നിർവഹണോദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മരുന്ന വാങ്ങൽ പ്രൊജക്ടിനായി 110000രൂ മാനേജിംഗ് ഡയറക്ടർ, ഔഷധി- യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | കൈമാറിയ | ലഭ്യമായ | ബിൽ |
|---|---|---|---|

| | | | |
|---|---|---|---|
| | തുക, തിയതി | മരുന്നിന്റെ ഇൻവോയ്സ് നം.,തുക | നം. |
| 160/17, ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ | 110000രൂപ, 24.03.17 | 4932/29.03.17, 36603/- | 6/16-17/ 24.03.17 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/06.06.2017-ന് മരുന്ന് ലഭ്യമാക്കുന്നതിനുള്ള ഓർമ്മക്കുറിപ്പ് ഔഷധിയ്ക്ക് അയച്ചിട്ടുണ്ടെന്നും ആയത് ഉടൻ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-10 വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വ്യക്തമായ സ്പെസിഫിക്കേഷൻ ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് നം. :9/16-17

പ്രൊജക്ട് :എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ

അടങ്കൽ :450000 (വികസന ഫണ്ട് എസ് സി പി)

ചെലവ് :446576 (ബിൽ നം. 8/16-17)

മേൽപ്രൊജക്ടിനായി (സ്പിൽ ഓവർ) മേശ, കസേര എന്നിവ വാങ്ങുന്നതിനായി (11.02.16-ലെ പത്രപ്പരസ്യം) 04.03.16-ന് നടത്തിയ ടെണ്ടറിൽ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി, കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് , കോഴിക്കോട് , കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ബിസിനസ്സ് സെന്റർ പാലക്കാട്, സം സം ഇൻഡസ്ട്രീസ് ഇടത്തറ എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിനായി നൽകിയ ദർഘാസ് പരസ്യത്തിൽ ഒരു സെറ്റ് മേശ-സ്റ്റീൽ വുഡൻടോപ്പ്, കസേര-വുഡൻ- കുഷ്യൻടൈപ്പ് പരമാവധി 4000രൂ എന്ന് മാത്രമാണ് നല്കിയിരിക്കുന്നത്. ദർഘാസ് പരസ്യത്തിൽ വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വ്യത്യസ്ത സ്പെസിഫിക്കേഷനോടുകൂടിയ ഇനങ്ങളാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ രാജധാനി ഏജൻസീസിന്റെ ടെണ്ടർ അംഗീകരിച്ചതായി ഹെഡ് മിസ്ട്രസ് 01.03.17-ലെ കത്ത് മുഖേന സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. രാജധാനി ഏജൻസീസിൽ നിന്നും 24.03.17-ലെ 562ാം-നമ്പർ ഇൻവോയ്സ് പ്രകാരം 152 സ്റ്റീൽ മേശകളും(4x2x2.5) 152 സ്റ്റീൽ കസേരകളും വാങ്ങിയിരിക്കുന്നു. ടെണ്ടറിൽ സ്ഥാപനം രേഖപ്പെടുത്തിയിരിക്കുന്ന മേശയുടെ അളവ് 31/2x2x21/2 ആണ്. 09.09.16-ൽ നടന്ന പഞ്ചായത്ത് യോഗത്തിലെ തീരുമാനം 2-ൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്പെസിഫിക്കേഷൻ ഇല്ലാതെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത് ചട്ടലംഘനമാണ്. ഇത് മൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

## 3-11 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

2016-17 വർഷത്തിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്,

| ക്രമ നം | കൺസ്യൂമർ നം. | കുടിവെള്ള പദ്ധതി | വൈദ്യുതി ചാർജ്ജ് | പമ്പ് ഓപ്പറേറ്റർ | നൽകിയ വേതനം | ഈടാക്കിയ വെള്ളക്കരം | മെയിൻറനൻസ് ചെലവ് |
|---|---|---|---|---|---|---|---|
| 1 | 1165261002747 | മുട്ടിക്കടവ് | 1153097 | കെ.എസ് രജനീഷ് @250/ദിനം | 91250 | കുടിശ്ശിക 176639 തൻ വർഷം 350995 | 836479 |
| 2 | 1165265011078 | പുളിനെല്ലി | | പി.എം വേലായുധൻ @350/ ദിനം | 124950 | | |
| 3 | 1165267011086 | വറോഡ് | | | | | |
| 4 | 1165262007543 | കണ്ടത്താർ കാവ് | | | | | |
| 5 | 1165267012197 | കുന്നൻ ചാത്ത പറമ്പ് | | കുഞ്ഞൻ @06/16 മുതൽ@ 100/ദിനം | 36500 | | |
| 6 | 1165266012151 | ചേവയിൽ | | | | | |
| 9 | | ആകെ | 1153097 | | 457500 | 527634 | 836479 |
| 10 | ആകെ ചെലവ്-2447076 | | | ആകെ വരവ്-527634 | | വ്യത്യാസം-1919442 | |

സർക്കാർ ഉത്തരവ് (സാ .) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച്

ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തനതു വരുമാനം താരതമ്യേനെ കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് വലിയൊരു ബാധ്യതയാകാതിരിയ്ക്കാൻ അടിയന്തിരമായി ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടുനടത്തുന്നതുമായകുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം 09/06.06.17 യ്ക്ക് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിന് സാങ്കേതികമായി പ്രശ്നങ്ങൾ ഉള്ളതിനാൽ വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വാഹന പരിപാലനം സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമ പഞ്ചയത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച ജി.ഒ. (എ.എസ് )170/07 തീയതി 30.06.2007, സർക്കുലർ നം.41/2008 /ധനം.തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. വാഹനത്തിൽ ഇന്ധനം ഫുൾ ടാങ്ക് നിറയ്ക്കണം, ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-9N-5583 മഹീന്ദ്ര ജീപ്പിന്റെ പരിപാലനത്തിൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

1. പ്രൊജക്ട് നം. :143/16-17

പ്രൊജക്ട് :എസ് എസ് എ വിഹിതം നൽകൽ

നിർവഹണ ഉദ്യോഗസ്ഥ :ഹെഡ്മിസ്ട്രസ് ജി എൽ പി എസ് വറോട്

മേൽ പ്രൊജക്ടിനായി ബിൽ നം. 1/16-17/17.01.17 പ്രകാരം പിൻവലിച്ച 700839രൂപ ഡി ഡി (നം. 065501/18.01.17) മുഖേന ഡിസ്ട്രിക്ട് പ്രൊജക്ട് ഓഫീസർ എസ് എസ് എ പാലക്കാടിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് എൻക്വയറി നം. 7/06.06.17-ന് പ്രകാരം ആവശ്യപ്പെട്ടതിന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തിയ്ക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ കോട്ടായി അസി.എഞ്ചിനീയരുടെ കാര്യാലയത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം, പേര് | ബിൽ നം/തിയ്യതി. | തുക |
|---|---|---|---|
| 1 | 135/16-17 വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 24/16-17 /31.03.17 | 223406 |
| | | ആകെ | 223406 |

മേൽ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് എൻക്വയറി നം. 16/07.06.17-ന് പ്രകാരം ആവശ്യപ്പെട്ടതിന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-14 അങ്കണവാടി-THRS ഭക്ഷ്യമിശ്രിതം - ലാബ് പരിശോധന നടത്തിയിട്ടില്ല

കോട്ടായി ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള 23 അംഗനവാടികളും 2016-17 സാമ്പത്തിക വർഷത്തിൽ THRS ഭക്ഷ്യമിശ്രിതം വാങ്ങിയത് കുത്തനൂർ അമൃതം (ഫുഡ് പ്രൊഡക്ട്സ്) കുടുംബശ്രീയിൽ നിന്നാണ്. സാമൂഹിക ക്ഷേമഡയറക്ടറുടെ 18.12.2010 ലെ കത്ത് നം ICDS B3-312/2010 പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ടു മാസത്തിലൊരിക്കലും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ നിർദ്ദേശ പ്രകാരം ഫുഡ് സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടില്ല. നിർബന്ധമായും ഫുഡ് സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കേണ്ടതും ഗുണനിലവാരമില്ലാത്ത ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി, നം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഉഴവുകൂലി(137/17) | 1860000 | 1807710 | 52290 |
| ബ്ലോക്ക് പഞ്ചായത്ത് | ഉഴവുകൂലി(137/17) | 608206 | 608206 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ഉഴവുകൂലി(137/17) | 903855 | 903855 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ് .ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | 171/ 2.2.2017 | 105570 | 105570 | പൂർത്തീകരിച്ചു. | 0 |
| കെ.എസ് .ഇ.ബി. | എസ്.സി. കോളനികളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 24/ 31.3.2017 | 223406 | 0 | ഇല്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല.

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|

ഒന്നുമില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഒന്നുമില്ല.

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ് ഭവന വായ്പ | സ.ഉ(സാധാ)നം 1000/2010 /ത.സ്വ.ഭ.വ 24.3.2010 | 2505000 | 168116 | 168116 | 40 | ലോൺ ക്ലോസ് ചെയ്തു |

## 4-5 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3750 രൂപ ഈടാക്കിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-3 | 2000 | സുബ്രഹ്മണ്യൻ സെക്രട്ടറി | 11617100764/ 6.5.2016 |
| 2007-08 | 3-3 | 1750 | സുബ്രഹ്മണ്യൻ സെക്രട്ടറി | 11617101158/ 9.6.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന

ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടു വിച്ച വിവരം | ചാറ്റേർഡ് അക്കൗ ണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണ ക്കിൻെറ വിവരം |
|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | |
| 1 | പി.എച്ച്.സി. കോട്ടായി | കമ്മിറ്റി രൂപീകരിച്ചിട്ടില്ല | – | – | – | – | – |
| 2 | ഗവ. ആയുർവ്വേദ ഡിസ്പെൻസറി | 13.1.2016 ന് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും കമ്മിറ്റിയിലൂടെ വരവ് ചെലവുകൾ നിർവ്വഹിക്കപ്പെടുന്നില്ല. | – | – | – | – | – |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47679930 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43675914 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52721 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 9000 | ശ്രീ രാധാകൃഷ്ണൻ കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 52721 | ശ്രീ.അജയൻ.എസ്<br>ഡയറി ഫാം ഇൻസ്ട്രക്ടർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാധാകൃഷ്ണൻ കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കോട്ടായി ഗ്രാമപഞ്ചായത്ത് | മാണിയംകാട് വീട്,<br>ചുള്ളിയോട്,<br>അംബികാപുരം, പാലക്കാട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | വിഷയം | തീർപ്പാക്കാൻ |
|---|---|---|---|

| | | | |
|---|---|---|---|
| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
| 1996-97 | LF.P7/1024 /99/3-6-2000 | പുനരഭിപ്രായം | 4 |
| 1997-98 | LFP12/415/02/ 15.5.02 | ഹെഡാഫീസ് കത്തിനുള്ള മറുപടി | 5 |
| 1998-99 | LFP12/943/01/ 15.10.01 | ഫർദർ റിമാർക്സ് | 6 |
| 1999-2000 | LFP12/640/01 /16.1.02 | ഓഡിറ്റ് റിപ്പോർട്ട് | 5 |
| 2000-01 | LFP8/679/05/16.5.06 | ഫർദർ റിമാർക്സ് | 5 |
| 2001-02പ്ലാൻ | LFP8/598/05/14.5.06 | ഫർദർ റിമാർക്സ് | |
| 2001-2002 വരവ്-ചെലവ് | LFP8/598/05/5.8.06 | ഫർദർ റിമാർക്സ് | 6 |
| 2002- 03 | LFP15/528/06/ 15.9.2006 | ഓഡിറ്റ് റിപ്പോർട്ട് | 6 |
| 2003-04 | LFP15/655/08/ 20.8.2009 | ഫർദർ റിമാർക്സ് | 9 |
| 2004-05 | LFP15/748/11/7.6.11 | ഫർദർ റിമാർക്സ് | 1 |
| 2005-06 | LFP15/1124/11/5.9.11 | ശുദ്ധിപത്രം | 3 |
| 2006-07 | LFP15/1864/11/5.1.12 | ഫർദർ റിമാർക്സ് | 5 |
| 2007-08 | LFP15/398/15/4.5.15 | ശ്രീ. സുബ്രഹ്മണ്യൻ, സെക്രട്ടറിയെ നേരിൽ കേട്ടത് സംബന്ധിച്ച് | 6 |
| 2008-09, 09-10, 10-11 | LFP 15/602/12/6.6.15 | ഖ - 3(6), 3(10) എന്നിവ ഒഴിവാക്കിയത് സംബന്ധിച്ച് | 12 |
| 2011-12 | LFP11/1701/13/ 31.10.2013 | ഫർദർ റിമാർക്സ് | 11 |
| 2012-13 | KSA-PKD15/1025/15/ 17-9-2015 | ഫർദർ റിമാർക്സ് | 9 |
| 2013-14 2014-15 | KSA-PKD15/957/16 29.6.16 | ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |

| | | | |
|---|---|---|---|
| 2015-16 | KSA-PKD 15/19/2017 29.12.16 | ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

# അനുബന്ധം 1

നം.കെ.എസ്.എ-പി.കെ.ഡി.15/1173/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി -15-07-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1 അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD.15/1173/2017

Kerala State Audit
Department

District Audit Office, Palakkad
Dated:-15-07-2017

## Audit Certificate

Certified that I have examined the Annual Financial Statement of KOTTAYI GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made there under and the giudlines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of KOTTAYI GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

## Abstract of defects

1.The value of movable and immovable assets during the period prior to conversion to accrual system not added to the value of asssets as per the current balance sheet.

**Deputy Director**